**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1009** **09-10-2024 - ൽ മറുപടിയ്ക്ക്**

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 12.65 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ളതും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സാങ്കേതികാനുമതി നല്കിയിട്ടുള്ളതുമാണ്. സൂപ്രണ്ടിങ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ എറണാകുളത്തിന്റെ കാര്യാലയത്തിൽ നിന്നും 28.02.2024 തീയതിയിൽ ഉടമ്പടി വച്ചിട്ടുള്ളതും, കരാറുകാരന് 09/03/2024 തീയതിയിൽ പ്രവൃത്തി സ്ഥലം കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ളതുമാണ്. നിലവിൽ സിവിൽ വിഭാഗത്തിൽ വരുന്ന പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ നിന്നും ആവശ്യമായ അനുമതി ലഭ്യമായിട്ടുണ്ടോ; | (ബി) | ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് Parivesh Portal-ൽ ഫോറസ്റ്റ് ക്ലിയറൻസ് പ്രൊപ്പോസൽ സമർപ്പിക്കുകയും 0.1893 ഹെക്ടർ വനഭൂമി വിട്ടുനൽകുന്നതിന് In Principle approval/stage I clearance ലഭ്യമായിട്ടുള്ളതുമാണ്. Stage II അംഗീകാരം ലഭിക്കുന്നതിനായി ഏകദേശം 40,39,000 രൂപയോളം Parivesh Portal-ൽ അടക്കേണ്ടതുണ്ട്. ടി തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ 03/10/2024 തീയതിയിൽ സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ